
# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025 –2026




## ജെ. എം. എച്ച്. എസ്.

**വാകത്താനം**

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂജില്ല | കോട്ടയം |
| സ്കൂൾ കോഡ് | 33078 |
| സ്കൂളിന്റെ പേര് | ജെ. എം. എച്ച്. എസ്. വാകത്താനം |
| മേൽവിലാസം | പുത്തൻചന്ത പി. ഒ., വാകത്താനം |
| പിൻകോഡ് | 686538 |
| ഫോൺ നമ്പർ | 0481-2462356 |
| ഇ-മെയിൽ അഡ്രസ്സ് | jmhssvakathanam@gmail.com |
| ഗ്രാമപഞ്ചായത്ത് | വാകത്താനം |
| വിദ്യാഭ്യാസ ജില്ല | കോട്ടയം |
| സബ് ജില്ല | ചങ്ങനാശ്ശേരി |
| ക്ലാസ്സുകൾ | 8 മുതൽ 10 വരെ |
| മാനേജ്മെന്റ് | എയ്ഡഡ് |
| പഠന മാധ്യമം | മലയാളം, ഇംഗ്ലീഷ് |

## ആമുഖം

കോട്ടയം ജില്ലയുടെ ഏകദേശം തെക്കേയറ്റത്തായി സ്ഥിതി ചെയ്യുന്ന വാകത്താനം ഗ്രാമപഞ്ചായത്തിലാണ് ജെ.എം.എച്ച്.എസ്. വിദ്യാലയം പാഠ്യപാഠ്യതര രംഗത്ത് ഒരു മാതൃകയായി നിലകൊള്ളുന്ന സ്കൂളാണിത്. എസ്.എസ്.എൽ.സി. പരീക്ഷയിൽ വർഷങ്ങളായി ഉന്നതവിജയം നേടിവരുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാകായിക രംഗത്തും മികവ് വദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി സ്കൂളിന് കഴിയുന്നു. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിംഗും അതിനനുസരിച്ചുള്ള പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എ.യുടെ ഇടപെടലും, നാട്ടുകാർ, ജനപ്രതിനിധികൾ എന്നിവരുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു.

## ജെ.എം.എച്ച്.എസ്. സ്കൂൾ ചരിത്രം

അറിവിന്റെ അത്ഭുത വിഹായസ്സിലേയ്ക്ക് അനേകായിരങ്ങൾക്ക് പറന്നുയരുവാൻ പ്രചോദനമരുളികൊണ്ട് വാകത്താനത്തിന്റെ പ്രകാശസ്തംഭമായി ശോഭിക്കുന്ന ജറുശലേം മൗണ്ട് സ്കൂൾ അതിന്റെ പ്രയാണപഥത്തിൽ 75 വർഷം പൂർത്തീകരിച്ചു. 1949 മെയ് 18 ന് പണ്ഡിതശ്രേഷ്ഠനായ വെരി റവ. സി. വി. ജോർജ് കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിലും ദീർഘ വീക്ഷണമുള്ള 9 പൗരപ്രമുഖരുടെ സഹകരണത്തിലും സ്ഥാപിതമായ ഈ കലാലയം 1993-ൽ സി. എം. ഡി. സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റിലേയ്ക്ക് ചേർക്കപ്പെട്ടു. 1998-ൽ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ട സ്കൂളിൽ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകൾ പ്രവർത്തിക്കുന്നു.

## ജെ.എം.എച്ച്.എസ്. സ്കൂൾ - ഇന്ന്

15 ഹൈസ്കൂൾ അധ്യാപകരും 4 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 298 വിദ്യാർത്ഥികൾ. കോട്ടയം ജില്ലയിൽ ഇന്ന് ഈ സ്കൂൾ അക്കാദമിക നിലവാരത്തിൽ മികച്ചതാണ്. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ

പ്രാവർത്തികമാക്കാൻ ഉള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## അക്കാദമികം

### *നേട്ടങ്ങൾ*

കോട്ടയം ജില്ലയിൽ എല്ലാ വർഷവും S.S.L.C. പരീക്ഷയിൽ 100% വിജയം നേടാൻ കഴിഞ്ഞു. NMMS പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് പരിശീലനം കൊടുത്ത് പങ്കെടുപ്പിക്കുന്നു. SPC, JRC, Little Kites തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു.

### *അക്കാദമിക പരിമിതി*

എല്ലാ ക്ലാസ്സ് മുറികളിലും ഹൈടെക് സൗകര്യങ്ങൾ ഉണ്ടെങ്കിലും IT ലാബിൽ കംപ്യൂട്ടറുകൾ പരിമിതമാണ്.

### *ഭൗതിക നേട്ടങ്ങൾ*

മുഴുവൻ ക്ലാസ്സുമുറികളും ടൈൽ പാകി മോടിപിടിപ്പിച്ചു. സയൻസ് ലാബ് നവീകരിച്ചു. ലൈബ്രററി നവീകരണം നടത്തി.

### *ഭൗതിക പരിമിതികൾ*

കായിക പരിശീലനത്തിനായി പ്രത്യേക കോർട്ടുകൾ നിർമ്മിക്കേണ്ടതുണ്ട്.

SPC, JRC തുടങ്ങിയവയ്ക്ക് കുട്ടികളുടെ യൂണിഫോം, മറ്റ് സാമഗ്രികൾ സൂക്ഷിക്കുവാൻ പ്രത്യേകം മുറികൾ ഉണ്ടാകേണ്ടതുണ്ട്.

### *സാമൂഹിക നേട്ടങ്ങൾ*

സ്കൂളിലെ വിവിധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. സാമൂഹ്യ ശുചിത്വം, ട്രാഫിക് നിയന്ത്രണം, പച്ചക്കറി തൈകൾ വച്ചുപിടിപ്പിക്കൽ, തരംതിരിച്ചുള്ള മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഭാഷാപഠനം - അനായാസകരമാക്കൽ - ഇംഗ്ലീഷ് പഠനം
4. ശാസ്ത്ര അഭിരുചി വളർത്തൽ
5. ക്രിയാത്മക കൗമാരം
6. വായനാശേഷി വർദ്ധിപ്പിക്കൽ
7. സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
8. പഠനയാത്രകൾ
9. സ്കൂൾ പത്രം, മാസിക
10. പ്രവൃത്തി പരിചയ പരിശീലനം
11. കലാപരിപോഷണം
12. പച്ചക്കറിത്തോട്ടം
13. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
14. കായികശേഷി വികസനം
15. ക്ലാസ്സ് പി.ടി.എ. കാര്യക്ഷമമാക്കൽ

## ഉപമേഖല - മലയാളം

### പ്രവർത്തനം - ഭാഷാശേഷി വികസനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് | 2 മാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ | പി. റ്റി. എ. |
| 2 | എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>2. ക്ലാസ്സ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | 1 വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ | മാനേജ്മെന്റ് |
| 3 | പത്രവായന പരിപോഷിപ്പിക്കും | പത്രവായന - പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>ഓരോ ക്ലാസ്സിനും ഓരോ പത്രം | 3 മാസം<br>ദിവസേന | വിദ്യാരംഗം മലയാളം അധ്യാപകർ | സ്കൂൾ ഫണ്ട് |

### പ്രവർത്തനം - ഭാഷാശേഷി വികസനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | | രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ദിവസേന | വിദ്യാരംഗം | |
| 2 | സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ | | | |
| | | കവിതാലാപന മത്സരം | വർഷത്തിൽ 1 തവണ | | |
| | | കഥ, കവിത, ഉപന്യാസം, രചന | മാസത്തിൽ 1 തവണ | മലയാളം അധ്യാപകർ | |

## ഉപമേഖല – ഇംഗ്ലീഷ് ഭാഷാ പഠനം

### പ്രവർത്തനം 1 – ഭാഷാശേഷി വികസനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്ത രാക്കുക | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് ഇംഗ്ലീഷ് അസ്സംബ്ലി | അവധിക്കാലം | പി.ടി. എ ടീച്ചേഴ്സ് | മാനേജ് മെന്റ് |
| | | | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് അവസരം ഒരുക്കുക | 1. പ്രൊഫൈൽ & സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിനുതിനു വേണ്ടി ഇംഗ്ലീഷ് സിനിമാ യുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു.<br>2. റോൾ പ്ലേ, ഇംഗ്ലീഷ് ഡേ ആചരണം | ക്ലാസ് റൂം പ്രവർത്തനങ്ങ ളോടൊപ്പം | ടീച്ചേഴ്സ് എസ്.ആർ. ജി | ഇംഗ്ലീഷ് ക്ലബ്ബ് |
| | | | അക്കാദമിക വർഷം | ഇംഗ്ലീഷ് ടീച്ചേഴ്സ് | |
| 3 | സ്വതന്ത്ര വായ നയ്ക്ക് സജ്ജരാ ക്കുക<br>സ്വതന്ത്രമായ എഴു ത്തിന് സജ്ജരാ ക്കുക | അക്ഷര കാർഡ്, പദകാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ് റൂം പ്രവർത്തനങ്ങ ളോടൊപ്പം | എസ്.ആർ. ജി. ടീച്ചേഴ്സ് | |
| | | പത്രവായന, പത്രവാർത്ത കൾ തയ്യാറക്കൽ, എന്റെ ഡയറി അസംബ്ലി ന്യൂസ് വായിക്കൽ<br>പത്രവായന മത്സരം | ക്ലാസ്സ് റൂം പ്രവർത്തന ങ്ങൾ അസംബ്ലി | ടീച്ചേഴ്സ് | |

### പ്രവർത്തനം – ഭാഷാശേഷി വികസനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|---|
| 4 | കവിതാലാപന ത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാ നുള്ള അവസരം | ക്ലാസ് പ്രവർത്തന ങ്ങൾ | ടീച്ചേഴ്സ് എസ്. ആർ.ജി. | |
| | | കവിതാ രചന, ആലാപന മത്സര ങ്ങൾ നടത്തുന്നു. ആസ്വാദനക്കുറിപ്പ് തയ്യാറാ ക്കുന്നു. | അക്കാദമിക വർഷം | ടീച്ചേഴ്സ് എസ്. ആർ.ജി. | |
| 5 | വായന പരിപോഷി പ്പിക്കൽ | ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസി ദ്ധീകരണങ്ങൾ, പുസ്തകം എന്നിവ ഉൾക്കൊള്ളിക്കൽ വായനാ കുറിപ്പ് തയ്യാറാക്കൽ | അക്കാദമിക വർഷം | ഇംഗ്ലീഷ് ടീച്ചർ | |

## മേഖല – അക്കാദമികം – ഹിന്ദി

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | ഹിന്ദി അനായാസം എഴുതാനും, വായി ക്കാനും പരിശീലിപ്പി ക്കുന്നു.<br>വായന പരിശീലന ത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പി ക്കുവാൻ കഴിയുന്നു. | കേട്ടഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുക വിതകൾ തുടങ്ങിയവ വയനയ്ക്കായി നൽകുന്നു. | ഡിസംബർ ജനുവരി | | |
| 2 | പോസ്റ്റർ തയ്യാറാക്കു വാനറിയുന്നു<br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകു ന്നു.<br>വിവിധ വിഷയങ്ങൾ നൽകു ന്നു.<br>ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു.<br>ചെറിയ കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയു ന്നു. | ഡിസംബർ<br>നവംബർ | | |
| 3 | ആശയങ്ങൾ വിവിധത രത്തിൽ ആവിഷ്ക്കരി ക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു.<br>സ്വഭാവ സിവിശേഷത കളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയു ന്നു.<br>ഡയറി എഴുതുവാനറി യുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>കഥാപാത്രങ്ങളെ ആസ്പദ മാക്കി ചരിത്രക്കുറിപ്പ് തയ്യാറാ ക്കുവാൻ പറയുന്നു.<br>എല്ലാ ദിവസവും ഡയറി എഴു തുവാനുള്ള നിർദ്ദേശം നൽകു ന്നു. | നവംബർ<br>ജനുവരി | | |

## അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## ഉപമേഖല – മോക് പാർലമെന്റ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു തവണ | SS അദ്ധ്യാപകർ, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | SS Club ഫണ്ട് |
| 2 | ലൈബ്രറി കോർണർ സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസ്സുകൾ തുടങ്ങിയവ, ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ ക്ലാസ്സ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ 3 തവണ | SS അദ്ധ്യാപകർ | പി.റ്റി.എ. ക്ലാസ്സ് |
| 3 | ബുള്ളറ്റിൻ ബോർഡ് സാമൂഹ്യ ശാസ്ത്ര നൂതന അിറവുകൾ – കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണർ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും | SS Club | |
| 4 | പഠനയാത്രകൾ പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ ചുമർ ചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടങ്ങൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്കു നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു തവണ | SS അദ്ധ്യാപകർ | പി.റ്റി.എ. |

## മേഖല – ഹൈസ്കൂൾ – സയൻസ്

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അത്ഭുത കണ്ണിലൂടെ: കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുൻപിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | | സയൻസ് അധ്യാപകർ | |
| | | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | | | . |
| | | ക്ലാസ്സുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പക്കുന്നു. | | സയൻസ് അധ്യാപകർ | |
| 2 | ശാസ്ത്രലോകത്തേയ്ക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകരനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുകൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | | സയൻസ് അധ്യാപകർ | |
| 3 | ഹൈടെക് വേൾഡ് മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക | സയൻസ് ലാബ് ആധുനികവത്കരിക്കുന്നു. | | സയൻസ് ടീച്ചേഴ്സ് | |
| 4 | ആയുർരേഖ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | | സയൻസ് ക്ലബ്ബ് | |
| 5 | വൈജ്ഞാനിക ബഹിർസ്ഫുരണം അന്വേഷണ തൃഷ്ണ വാർദ്ധിപ്പിക്കൽ നേരറിവ് നേരിടൽ | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധന ക്യാമ്പസ് തൺവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ഔഷധത്തോട്ടം പച്ചക്കറിതോട്ടം ഇവ നിർമ്മിക്കൽ | | സയൻസ് ക്ലബ്ബ് | |

## ഉപമേഖല – ക്രിയാത്മക കൗമാരം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൗമാരക്കാരുടെ മാനസീക ശാരീരിക സമ്മർദ്ധം ഒഴിവാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകും | കൗമാര പ്രശ്നങ്ങളും പരിഹാരവും ഡിബയിറ്റ്, ഒൻപത് പത്ത്, ക്ലാസ്സിലെ കുട്ടികളുടെ നേതൃത്വത്തിൽ | ജൂൺ, ജൂലൈ (2 മാസം) | ടീൻസ് ക്ലബ്ബ് | |
| 2 | കൗമാര ആരോഗ്യം, കൗമാര ഭക്ഷണം, ആർത്തവ ശുചിത്വം എന്നീ കാര്യങ്ങളിൽ വ്യക്തമായ ആശയം നൽകുക | സെമിനാർ – കൗമാരാരോഗ്യവും ആർത്തവ ശുചിത്വവും ഡോ. സരിത CHS കുമരകം. Sponcers : Inner Wheel Club, Vakathanam | ആഗസ്റ്റ്, സെപ്റ്റംബർ | ടീൻസ് ക്ലബ്ബ് | |
| 3 | കൗമാരക്കാർക്ക് ഫയൽ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം ഇവയിൽ പ്രാവീണ്യം നേടുക | ഫയൽ നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം എന്നിവ കുട്ടികളെ പരിശീലിപ്പിക്കുക | 3 മാസം | വർക്ക് എക്സ്പീരിയൻസ് ക്ലബ്ബ് | |
| 4 | വിനോദയാത്ര കുട്ടികളിൽ മാനസീക സന്തോഷം ഉളവാക്കുന്നതിന് | 8–ാം ക്ലാസ്സിലെ കുട്ടികളുമായി നീണ്ടൂർ ഫാമിലേയ്ക്ക് ഒരു യാത്ര. 9–ലെ കുട്ടികൾക്ക് മൂന്നാർ യാത്ര. 10–ലെ കുട്ടികൾക്ക് മൈസൂർ, ഊട്ടി യാത്ര. | നവംബർ ഡിസംബർ ജനുവരി | Nature Club | കുട്ടികൾ |

## ഉപമേഖല – ഗണിതം

## ഗണിതശേഷി വികസനം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | നിർമ്മിതികളിലെ ശേഷി കൈവരി ക്കൽ | ഇൻസ്ട്രമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അദ്ധ്യാപ കർ | ടീച്ചേഴ്സ് ഗ്രാന്റ് |
| 2 | ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് പ്രാധാന്യം ബോധ്യ പ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടി പ്പിക്കുന്നു. | വൺ ടീം | ടീച്ചേഴ്സ് | പി.റ്റി.എ. |
| 3 | ഗണിത ലാബ് | ശില്പകാലകളിലൂടെ ലാബിലേക്ക് ആവശ്യ മായ പഠനോപകരണ ങ്ങൾ ശേഖരിക്കൽ | ജൂൺ-ജൂലൈ | ക്ലബ്ബ് സെക്ര ട്ടറി ടീച്ചേ ഴ്സ, പി. റ്റി.എ. | പി.റ്റി.എ. |
| 4 | ഗണിതാശയങ്ങളിൽ നിന്നും ഉടലെടു ക്കുന്ന ഗണിത രൂപ ങ്ങൾ ഇവ പരിചയ പ്പെടൽ | ശില്പകാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിത ക്ലബ്ബ് | പി.റ്റി.എ. |

## മേഖല – ഹൈസ്കൂൾ

## ART EDUCATION

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളിലെ കലാപരമായ കഴിവുകൾ കണ്ടെത്തുക | സംഗീതാഭിരുചി ടെസ്റ്റ് ചെയ്തു നോക്കുക ചിത്രം വരപ്പിക്കുക | 2 മാസം (ആഗസ്റ്റ് സെപ്റ്റംബർ) | ഐ.റ്റി. സാദ്ധ്യത ചിത്രങ്ങൾ | പി.റ്റി.എ. അദ്ധ്യാപകർ |
| 2 | കുട്ടിയെ കലാവിരുതിൽ നിപുണനാക്കുക | ക്ലാസ്സിലുള്ള പ്രകടനം കലോത്സവം ദിനാചരണം മാദ്ധ്യമങ്ങളിലൂടെയുള്ള അനുഭവം | 6 മാസം | ഐ.റ്റി. സാദ്ധ്യത ചിത്രകലകളുമായി ബന്ധമുള്ള പുസ്തകങ്ങൾ | പി.ടി.എ അദ്ധ്യാപകർ |
| 3 | കുട്ടിയുടെ സൈർഗ്ഗീയ വാസന വളർത്തുക | കേൾവി വിജ്ഞാനം വ്യത്യസ്ഥങ്ങളായ ചിത്രശേഖരണം കലാകാരന്മാരുടെ ചിത്ര ഗ്യാലറി | 6 മാസം | ഫോട്ടോകൾ ഐ. റ്റി. സാദ്ധ്യത ചിത്രരചനാ പുസ്തകങ്ങൾ | പി.ടി.എ അദ്ധ്യാപകർ |
| 4 | സദസ്സിനെ അഭിമുഖീകരിക്കത്തക്ക വിധം കുട്ടിയെ പ്രാപ്തനാക്കുക | കലാപരമായ വേദികൾ കലോത്സവേദിയിൽ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കൽ | 6 മാസം (ജൂലൈ- ഡിസംബർ) | ഓഡിയോ വീഡിയോ | അദ്ധ്യാപകർ |

## ഉപമേഖല – കായിക വിദ്യാഭ്യാസം

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗ ണിച്ച് താൽപര്യമുള്ള മേഖ ലകളിൽ പരിശീലനം നൽകി കൂടുതൽ മികവി ലേക്കെത്തിക്കുക.<br>എ) ഫുട്ബോൾ ഡെ ബോർഡിംഗ് പരിശീലനം | എല്ലാ ദിവ സവും രാവി ലെയും വൈകിട്ടും അവധി ദിവ സങ്ങളിലും 1 വർഷം | കായികാ ധ്യാപകൻ | പി.റ്റി.എ. |
| | | രാവിലെയും വൈകിട്ടും 30 ആൺ കുട്ടികൾക്കും 50 പെൺകുട്ടികൾക്കും ക്ലാസ്സ് സമയത്തിനു മുമ്പും പിമ്പും പരിശീലനം | 1 വർഷക്കാലം | കായികാ ധ്യാപകൻ | |

## ശ്രദ്ധ

| നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ | അക്ഷര കാർഡ് നിർമ്മാണം കേട്ടെഴുത്ത് | 1 വർഷം | അദ്ധ്യാപകർ | പി.റ്റി.എ. |
| 2 | വായന | ചിത്ര വായന, പദപ്രശ്നം | 1 വർഷം | അദ്ധ്യാപകർ | പി.റ്റി.എ. |
| 3 | എഴുത്ത് | വാക്യ നിർമ്മാണം | 1 വർഷം | അദ്ധ്യാപകർ | പി.റ്റി.എ. |